## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *337**

**15/03/2017 ൽ മറുപടിക്ക്**

## വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപം

| | | | |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപത്തോതിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; അർഹമായ വിഹിതം ലഭിക്കുന്നുണ്ടോ; | (എ) | വ്യവസായ വികസന ഭൂമിയിൽ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്രനിക്ഷേപം ലഭിച്ചിട്ടില്ല. |
| (ബി) | മുൻ സർക്കാരിന്റെ ഭരണകാലത്ത് ഓരോ വർഷവുമുണ്ടായിരുന്ന കേന്ദ്രനിക്ഷേപത്തോത് ഏതു വിധത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | മുൻസർക്കാരിന്റെ കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ MSE-CDP പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് 9 പദ്ധതി രേഖകൾ സമർപ്പിക്കുകയുണ്ടായി. കേന്ദ്ര നിക്ഷേപത്തോത് സംബന്ധിച്ച് അടിസ്ഥാന സൗകര്യ വികസന മേഖലയെ വിപുലീകരിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ MSE-CDP പദ്ധതി പ്രകാരം 40% തുക സംസ്ഥാന സർക്കാരും 60% തുക കേന്ദ്ര സർക്കാരും വഹിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ നിലവിലുള്ള സംസ്ഥാനത്തെ ഡവലപ്പ്മെന്റ് പ്ലോട്ട്/ ഏരിയകളിൽ വേളി (തിരുവനന്തപുരം) കഞ്ചിക്കോട് (പാലക്കാട്), പൂവൻതുരുത്ത് (കോട്ടയം) അത്താണി, വരവൂർ (തൃശ്ശൂർ), എടയാർ (എറണാകുളം), താമരശ്ശേരി (കോഴിക്കോട്), അരൂർ (ആലപ്പുഴ), അനന്തപുരം (കാസർഗോഡ്) എന്നീ 9 DA/DP കളുടെ നവീകരണത്തിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ |

അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അത്താണി ഒഴികെയുള്ളവയുടെ പദ്ധതി ചെലവ് 10 കോടി രൂപാ വീതമാണ്. അത്താണിയിലെ പദ്ധതി ചെലവ് 8.35 കോടി രൂപയാണ്. ഇതിൽ എടയാർ (എറണാകുളം), പൂവൻതുരുത്ത് (കോട്ടയം) എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

വിവിധ ക്ലസ്റ്ററുകളിലേക്ക് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ MSE-CDP പദ്ധതി പ്രകാരം ഓരോ വർഷവും ലഭിച്ച കേന്ദ്രനിക്ഷേപത്തോത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

| വർഷം | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക (രൂപ) |
|---|---|
| 2011-12 | 1,20,96,000 |
| 2012-13 | 52,56,676 |
| 2013-14 | 100,00,000 |
| 2014-15 | 163,44,800 |
| 2015-16 | ലഭിച്ചിട്ടില്ല |
| 2016-17 (മെയ് 2016 വരെ) | 3,97,21,400 |

മുൻസർക്കാരിന്റെ കാലത്ത് കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലേക്കായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ പദ്ധതിയായ ASIDE (Assistance to States for Developing Export Infrastructure and Allied Activities) പ്രകാരം നോഡൽ ഏജൻസിയായിരുന്ന കിൻഫ്രയ്ക്ക് ഓരോ കാലയളവിൽ ലഭിച്ച തുക താഴെ കൊടുത്തിരിക്കുന്നു.

| | (Rs. In lakhs) |
|---|---|
| **2011-12** | **926.00** |
| **2012-13** | **831.00** |
| **2013-14** | **1047.00** |
| **2014-15** | **1047.00** |
| **2015-16** | **1000.00** |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി പിന്നീട് കേന്ദ്രസർക്കാർ നിർത്തലാക്കുകയുണ്ടായി.<br><br>ബി.പി.സി.എൽ, കൊച്ചി റിഫൈനറിയുടെ എണ്ണ ശുദ്ധീകരണ ശേഷി 9.5 ദശലക്ഷം ടണ്ണിൽ നിന്നും 15.5 ദശലക്ഷം ടണ്ണായി വികസിപ്പിക്കുന്നതിനും ഇതിനോടൊപ്പം ഒരു പെട്രോകെമിക്കൽ complex സ്ഥാപിക്കുന്നതിനും, 20000 കോടി രൂപ മുതൽ മുടക്കു വരുന്ന പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങുകയുണ്ടായി. ഈ പദ്ധതിയുടെ പൂർത്തീകരണഘട്ടം നടക്കുകയാണ്.<br><br>ഗെയിൽ ഇന്ത്യയുടെ 4500 കോടി രൂപ മുതൽ മുടക്കു വരുന്ന പ്രകൃതി വാതക വിതരണ പൈപ്പ് ലൈൻ ശൃംഖലയുടെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങുകയുണ്ടായി. ആദ്യഘട്ടത്തിൽ എറണാകുളം ജില്ലയിലെ പൈപ്പ് ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു പ്രവൃത്തികൾ നടന്നു വരുന്നു.<br><br>കെ.എസ്.ഐ.ഡി.സി. യുടെ ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 50 കോടി രൂപ കേന്ദ്രസഹായത്തോടെ 130 കോടി രൂപ ചെലവിൽ മറൈൻ മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.<br>കൂടാതെ കേന്ദ്രസഹായത്തോടെ കൊച്ചിയിൽ എൽ.എൻ.ജി ടെർമിനൽ 4200 കോടി രൂപ ചെലവിൽ 2013 ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (സി) | അർഹമായ വിഹിതം ഇപ്പോഴും ലഭിക്കുന്നില്ലെങ്കിൽ അതു വർദ്ധിപ്പിച്ചു കിട്ടാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | തത്വത്തിൽ അംഗീകരിക്കപ്പെട്ടവ ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച തുക ലഭിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ ഗ്രാൻഡ് നല്കാറുണ്ട്. ഇതു പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്ര താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>1. സ്പൈസസ് പാർക്ക്, തൊട്ടുപുഴ, ഇടുക്കി<br>2. ഫുഡ് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്<br>3. ഫാർമ പാർക്ക്, എറണാകുളം. |

സെക്ഷൻ ഓഫീസർ